മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

MY LORD AND MY GOD

Vol. 2 No. 51 | THE ONLINE OFFICIAL NEWS BULLETTIN | 2019 December 21

SEASON OF ANNUNCIATION | അറിയിപ്പുകാലം | ܥܕܢܐ ܕܣܘܒܪܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
22 ♪8	23 ♪4	24 ♪8	25 ♪1	26 ♪1	27 ♪8	28 ♪4
hadbšabo dakdom yaldo	19th Mem. of N.K. Koruthu		i'do d-Mawlodeh d-Moran The Feast of Nativity of our Lord ✝Christmas (Yeldo)	✠ Nusrotho/Kuloso Gloryfication of St. Mary, the Mother of God 33rd Mem. of Yacob Mar Policarpos ✠ (Koratty Sion Seminary)	Qetlo d-yaludé Massacre of the Holy Infants	

പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമേനിയുടെ 91-ാം ഓർമ്മപ്പെരുന്നാൾ.

നിരണം ഭദ്രാസന പ്രതിഷേധ സമ്മേളനം പ. കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു.

കണ്ടനാട് വെസ്റ്റ് ഭദ്രാസനാധിപൻ ഡോ. മാത്യൂസ് മാർ സേവേറിയോസ് ഇടമറുക് സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ



ചെറുതാകുവാനുള്ള വലിയ സന്ദേശം

ദൈവസ്നേഹത്തിന്റെ നിത്യസന്ദേശവുമായി ഒരു ക്രിസ്മസ് കൂടി സമാഗതമായിരിക്കുന്നു. ചെറുതാകലിന്റെ വലിയ സന്ദേശമാണ് ക്രിസ്മസ് നൽകുന്നത്. ഇതാ ദൈവപുത്രൻ മണ്ണിൽ എളിയവനായി പിറന്ന് പുൽക്കുടിലിൽ കീറ്റുശീലകളാൽ ചുറ്റപ്പെട്ട് വിനീതനായി ശയിക്കുന്നു. ചെറുതാകനുള്ള മനസ്സ് നഷ്ടമാകുന്ന കാലമാണിന്ന്. ഉള്ളതിലധികം മേന്മ നടിക്കുന്നവരാണ് ഏറെയും. സ്നേഹവും കരുണയും മനസ്സലിവുമൊക്കെ നഷ്ടമാകുന്ന ആധുനികകാലത്ത് പുൽക്കൂട് ഒരു വലിയ ആത്മീയസന്ദേശമാണ് നൽകുന്നത്. അസമാധനത്തിന്റെ അന്ധകാരം വ്യാപിക്കുമ്പോൾ ശാന്തിയുടെയും സമാധാനത്തിന്റെയും നക്ഷത്രശോഭ പകരാൻ പുൽക്കൂട് നമ്മെ പ്രചോദിപ്പിക്കുന്നു.

ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം എന്ന സ്വർഗീയ ആശംസ ഹൃദയങ്ങളിൽ സ്വീകരിക്കാം. അഗതികളുടെയും ദുഃഖിതന്റെയും പക്ഷം ചേർന്ന് അവരുടെ കണ്ണീരൊപ്പാൻ ഈ പുണ്യദിനത്തിൽ നമുക്ക് കഴിയണം അപ്പോഴാണ് ക്രിസ്തുവിന്റെ പിറവി നമ്മിൽ പൂർണമാകുന്നത്. നിരന്തരം നന്മചെയ്യുക എന്നത് ജീവിതനിയോഗമായി സ്വീകരിച്ചുകൊണ്ട് പുതുവർഷത്തിലേക്ക് ചുവടുവെയ്ക്കാം. എല്ലാവർക്കും അനുഗ്രഹദായകമായ ക്രിസ്മസും നന്മകൾ നിറഞ്ഞ നവവത്സരവും ആശംസിക്കുന്നു.

മാർത്തോമ്മാ സഭയിലെ യൂയാക്കീം മാർ കൂറിലോസിന്റെ മുപ്പതാമത് എപ്പിസ്കോപ്പൽ വാർഷിക സമ്മേളനം ആർത്താറ്റ് മാർത്തോമാ പള്ളിയിൽ പ. കാതോലിക്കാ ബാവ ഉദ്ഘാടനം ചെയ്യുന്നു.

ആരാധനാ കലണ്ടർ

സർവ്വസൃഷ്ടിയും ബേത്‌ലഹേമിലേക്ക്; "അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം; ഭൂമിയിൽ ദൈവപ്രസാദമുള്ളവർക്ക് സമാധാനം"

ഡോ. ഗീവർഗീസ് മാർ യൂലിയോസ്



"തന്റെ പിതാവിന്റെ മാർവ്വിൽ നിന്നും ലോകത്തിലേയ്ക്കു അയയ്ക്കപ്പെടുകയും, കന്യകമറിയാമിൽ നിന്നും ജഡം ധരിക്കുകയും ചെയ്ത അനാവൃതനും അദൃശ്യനുമായ സ്വയംഭൂവായ കർത്താവിന്റെ അപരിമിതമായ ജഡധാരണത്തെ" കണ്ട് അവനെ സ്തുതിച്ച് വണങ്ങുവാൻ സൃഷ്ടി മുഴുവൻ ബദ്ധപ്പെട്ട് ബേത്‌ലഹേമിൽ എത്തുന്ന സുദിനങ്ങളാണല്ലോ ഇത്. "നീയോ, ബേത്‌ലഹേം എഫ്രാത്തേ...... അധിപതിയായിരിക്കേണ്ടുന്നവൻ എനിക്കു നിന്നിൽ നിന്നും ഉത്ഭവിച്ചു വരും; അവന്റെ ഉത്ഭവം പണ്ടേയുള്ളതും പുരാതനമായതും തന്നെ" എന്ന് പ്രവാചകൻ സാക്ഷിക്കുന്നു (മീഖാ 5:2).

അനാദിയിൽ പിതാവിൽ നിന്നും സ്വയംഭൂവായവൻ കാലത്തികവിൽ കന്യകയിൽ നിന്നും ജഡം ധരിക്കുന്നു! സൃഷ്ടിതമായ സർവ്വവും തങ്ങളുടെ സ്രഷ്ടാവിനെ കാണുവാൻ സന്തോഷത്തോടും സ്തോത്രഗാനങ്ങളോടും കൂടെ എത്തുന്നു. ബഹുസഹസ്രം പ്രകാശവർഷങ്ങൾക്കപ്പുറത്തു നിന്നും എത്തുന്ന നക്ഷത്രവും പൗരസ്ത്യദേശങ്ങളിൽ നിന്നും ദീർഘകാലം യാത്രചെയ്ത് എത്തുന്ന രാജാക്കന്മാർ, വിദ്വാന്മാർ, മാലുമികൾ തുടങ്ങിയവരും സമീപപ്രദേശങ്ങളിലെ ആട്ടിടയന്മാരും പക്ഷിമൃഗാദികളും വൃക്ഷലതാദികളും മണ്ണും വിണ്ണും സർവ്വവും സർവ്വതും ബേത്‌ലഹേമിൽ സമ്മേളിക്കുന്നു; തങ്ങളുടെ സ്രഷ്ടാവിനെ വണങ്ങുവാൻ.

യെൽദോ പെരുന്നാളിനു മുമ്പുള്ള ഞായറാഴ്ചയെയും തുടർന്നുള്ള ദിവസങ്ങളെയും വംശാവലി ഞായർ ആയി വീക്ഷിക്കുന്നതിന്റെ പൊരുൾ ശ്രദ്ധേയമാണ്. യാക്കോബിൽ നിന്നും ഉത്ഭവിച്ച പന്ത്രണ്ട് ഗോത്രങ്ങളെയാണ് ആദ്യ പഴമവായന (ഉൽപത്തി 46:8–27) അനുസ്മരിക്കുന്നത്. ദാവീദിന്റെ മകനായ ശലോമോന്റെ കൈകളാൽ നിർമ്മിക്കപ്പെട്ട ആലയത്തിന്റെ ശുദ്ധീകരണസമയത്ത് ദാവീദിന്റെ സന്തതിയായി, സ്രഷ്ടാവ് സൃഷ്ടിയായി, പ. സഭയാകുന്ന നിത്യദേവാലയത്തിൽ പ്രത്യക്ഷപ്പെടുമെന്ന പ്രവചനഭാഗമാണ് രണ്ടാംവായന (1 രാജാ. 9:3–7). "കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവൻ ഇമ്മാനുവേൽ (ദൈവം നമ്മോടുകൂടെ) എന്ന് വിളിക്കപ്പെടും. ജഡം ധരിക്കുന്ന വചനത്തെക്കുറിച്ച് ഏറ്റവും കൂടുതൽ പഠിപ്പിക്കുന്ന യെശയ്യാ പ്രവാചകൻ തന്റെ മശിഹാപ്രവചനങ്ങളുടെ മകുടഭാഗമായി കൃത്യമായി പറയുന്നു. യിശ്ശായിയുടെ കുറ്റിയിൽ നിന്നും ഒരു മുള പൊട്ടിപുറപ്പെടും; അവന്റെ വേരുകളിൽ നിന്നുമുള്ള ഒരു കൊമ്പ് ഫലം കായിക്കും. അവന്റെമേൽ യഹോവയുടെ ആത്മാവ് വസിക്കും. അവൻ ഒരു പുതിയ വ്യവസ്ഥിതി ലോകത്തിന് നൽകും. ദുഷ്ടനെ തന്റെ ശ്വാസംകൊണ്ട് നിഗ്രഹിക്കും. നീതി അവന്റെ നടുക്കെട്ടും വിശ്വസ്തത അവന്റെ അരക്കച്ചയും ആയിരിക്കും. ചെന്നായി കുഞ്ഞാടിനോടു കൂടെയും പുള്ളിപ്പുലി കോലാട്ടുകുട്ടിയോടു കൂടെയും പശുക്കിടാവും ബാലസിംഹവും ഒന്നിക്കുന്നതുമായ ആ സുദിനത്തിൽ ഒരു 'ചെറിയ കുട്ടി' അവയെ നടത്തും! (യെശയ്യാ 7:14–15; 11:1–9).

ആശ്വാസകാലങ്ങൾ വരുകയും മുൻനിയമിക്കപ്പെട്ട ക്രിസ്തുവായ യേശുവിനെ അവൻ അയച്ചുതരുകയും ചെയ്യുമെന്ന വി. പത്രോസ് ശ്ലീഹായുടെ യെരുശലേം ദേവാലയത്തിന്റെ സുന്ദരം വാതിലിൽ (Golden Gate) വച്ചുള്ള പ്രസംഗമാണ് ആദ്യ ലേഖനഭാഗം. ദൈവം ലോകാരംഭം മുതൽ തന്റെ വിശുദ്ധ പ്രവാചകന്മാർ മുഖാന്തിരം അരുളിച്ചെയ്തത് ക്രിസ്തുവിൽ യാഥാർത്ഥ്യമായിരിക്കുന്നുവെന്ന് അസന്നിഗ്ദ്ധമായി പ്രസ്താവിക്കുന്നു (പ്രവൃത്തികൾ 3:20–26). അബ്രഹാമിനോട് ദൈവം വാഗ്ദത്തം ചെയ്തത് ക്രിസ്തുവിൽ നിവർത്തിക്കപ്പെട്ടിരിക്കുന്നുവെന്ന് പ. പൗലൂസ് ശ്ലീഹായും റോമരോട് സാക്ഷിക്കുന്നു (റോമർ 4:13–21).

സന്ധ്യയുടെയും പ്രഭാതത്തിന്റെയും വി. കുർബാനയുടെയും ഏവൻഗേലിയോൻ ഭാഗങ്ങൾ ക്രിസ്തുവിന്റെ വംശാവലി ചരിത്രമാണല്ലോ. അബ്രഹാം മുതൽ ക്രിസ്തു വരെയുള്ള 14 വീതമുള്ള (ഏതാണ്ട് 600 വർഷങ്ങൾ വീതമുള്ള) 3 കാലങ്ങളിലൂടെ വി. മത്തായി ശ്ലീഹാ അത് വർണ്ണിക്കുമ്പോൾ ക്രിസ്തു മുതൽ ആദം വരെയും ആദാം ദൈവത്തിന്റെ മകൻ എന്നുമുള്ള അവരോഹണക്രമത്തിൽ വി. ലൂക്കോസ് അവനെ സാക്ഷിക്കുന്നു. ഏറെ താത്ത്വികമായ വിധത്തിലാണ് വി. യോഹന്നാൻ വർണ്ണിക്കുന്നത്. ആദിയിലെ ദൈവമായിരുന്ന വചനം കാലത്തികവിൽ ജഡം ധരിച്ച് കൃപയും സത്യവുമായി നമ്മിൽ വസിക്കുന്നു!

ജഡം ധരിച്ച ഈ വചനത്തെ "എന്റെ കർത്താവും എന്റെ ദൈവവുമെ" എന്ന് സാക്ഷിച്ച തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വപെരുന്നാളും ഈ ദിവസങ്ങളിലാണ് എന്ന് ഓർക്കണം; അവനല്ലോ ക്രിസ്തുവിനെ നമ്മിൽ ജനിപ്പിച്ചത്.

ക്രിസ്തുസംഭവത്തെ ഉൾക്കൊള്ളുവാൻ പ. സഭാവിശ്വാസികളെ പിതാക്കന്മാർ ഒരുക്കുന്ന ധ്യാനങ്ങളാണ് ഈ ദിവസങ്ങളിലെ ആരാധനകൾ മുഴുവൻ. സ്രഷ്ടാവ് സൃഷ്ടിയാകുന്നത് മുതൽ ക്രിസ്തുസംഭവം മുഴുവനും വൈരുദ്ധ്യാത്മകമാണ്. ഏറ്റം ഉന്നതനായിരിക്കെ, തന്റെ രഹസ്യം വെളിപ്പെടാതെ പരസ്യമായി അവതരിച്ച രഹസ്യമെന്നും, മാതൃഗർഭത്തിൽ താൻ വസിക്കുമ്പോൾ തന്നെ അമ്മമാരുടെ ഗർഭപാത്രത്തിൽ താൻ പ്രജകളെ നിർമ്മിച്ചുകൊണ്ടിരുന്നുവെന്നും സ്രഷ്ടാവായ ധനികൻ സൃഷ്ടിയിൽ ദരിദ്രനായി കാണപ്പെട്ട് പ്രപഞ്ചത്തിന്റെ ദരിദ്രാവസ്ഥയെ ഇല്ലാതാക്കിയെന്നും ("നിന്നിലമർന്നീടും ധനവാൻ... ക്ഷാമം ജനതക്കേറ്റിടുവാൻ...) പ്രപഞ്ച ശക്തികളെ നിയന്ത്രിക്കുന്നവൻ കന്യകയുടെ മടിയിൽ വിനീതനായി കാണപ്പെടുകയും ലോകത്തിന് ഉറവകളെ നൽകുന്നവൻ അവളുടെ മുലകളിൽ നിന്നും പാനം ചെയ്തുവെന്നും തുടങ്ങി എത്ര വർണ്ണിച്ചാലും പൂർണ്ണമാകാത്ത രഹസ്യത്തെ പിതാക്കന്മാർ വർണ്ണിച്ച് തളരുകയും ഒടുവിൽ നിന്നെ ആർക്കും വർണ്ണിച്ചു തീർക്കുവാൻ കഴിയുകയില്ല എന്ന് സമ്മതിക്കുകയും ചെയ്യുന്നതായി കാണാം. അപ്പോൾ വർണ്ണനകൾ ലോകത്തിനു വേണ്ടിയുള്ള അപേക്ഷകളും പ്രർത്ഥനകളുമായി മാറ്റപ്പെടുകയാണ്.

യൽദോ പെരുന്നാൾ

ഒടുവിൽ കാലതികവിൽ കന്യക പ്രസവിക്കുന്നു! വചനം ജഡം ധരിക്കുന്നു. സർവ്വപ്രപഞ്ചവും ഗാനാലാപനം നടത്തി അവനെ വണങ്ങി പൊന്നും മൂരും

കുന്തുരുക്കവും (അവൻ രാജാവും പ്രവാചകനും പുരോഹിതനുമെന്ന് സാരം) കാഴ്ചയർപ്പിക്കുന്നു. അർത്ഥമില്ലാത്ത സമ്പന്നതകളുടെ സത്രങ്ങൾ അവന് പിറക്കുവാൻ സ്ഥലം നിഷേധിക്കുമ്പോൾ പുൽക്കൂട്ടിലെ എളിമയുടെ മൃഗങ്ങൾ അവരുടെ അത്താഴമായ വൈക്കോൽ അവന് മെത്തയായി ഒരുക്കുന്നു! പ. മാതാവിനോടൊപ്പം അവനെ കാണുവാനും പരിലാളിക്കുവാനും അവയ്ക്ക് സാധിക്കുന്നു. രാജഗൃഹങ്ങളിലെ സിംഹാസനങ്ങളിലും പൗരോഹിത്യപീഠങ്ങളിലും ഇരിക്കുന്ന ബൗദ്ധിക നേതൃത്വത്തിന് അവിടെ പൂർണ്ണമായും പ്രവേശനം നിഷേധിക്കപ്പെടുന്നു. എന്നാൽ സത്യത്തിന്റെ ജഡധാരണത്തെ അന്വേഷിച്ചവർക്കെല്ലാം അവൻ പ്രാപ്യനാകുന്നു. അറിവിന്റെ എളിമയുടെ ഔന്നത്യത്തിലുള്ള വിദ്വാന്മാർക്കും നിഷ്കളങ്കതയുടെ നിറകുടങ്ങളായ ആട്ടിടയന്മാർക്കും രഹസ്യം വെളിപ്പെട്ട ഗുഹയിലേക്കു കുനിയുവാൻ പ്രയാസമുണ്ടായിരുന്നില്ല; അവർ മാത്രം അവനെ കണ്ടു; വീണു വണങ്ങി കാഴ്ചകൾ അർപ്പിച്ചു.

വാഗ്ദത്തപുത്രനായ ഇസഹാക്കിന്റെ ജനനം (ഉൽപത്തി 21:1-8) "ദൈവത്തിന്റെ കൈ എന്നെ തൊട്ടിരിക്കുന്നു, എന്റെ സ്വന്ത കണ്ണ് അവനെ കാണുമെന്ന്' ഇയ്യോബിന്റെ ദർശനം (19:21-20:4), എന്നിവയ്ക്കുശേഷം "ഇരുട്ടിൽ നടന്ന ജനം വലിയൊരു വെളിച്ചം കണ്ടു; അന്ധതമസ്സിൽ പ്രകാശം ശോഭിച്ചു; നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു.... ആധിപത്യം അവന്റെ തോളിൽ ഇരിക്കുന്നു; അവന് അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാനപ്രഭു എന്ന് പേർ വിളിക്കപ്പെടും (യെശയ്യാ 9:1-7) എന്നിങ്ങനെ ജനിക്കപ്പെട്ടവൻ ആരാണെന്ന് വ്യക്തമാക്കപ്പെടുന്നു.

ബേത്ലഹേമിലെ ജനനത്തെ വിശ്വാസിക്കു ദർശിക്കുവാൻ പറ്റിയ ഏറെ ശക്തമായ പ്രതീകമാണ് തീജ്വാല ശുശ്രൂഷ. അന്ധകാരത്തിൽ അത്ഭുത പ്രകാശം ഉദിക്കുന്നു. തണുപ്പിൽ അവൻ ഊഷ്മളത നൽകുന്നു. അഗ്നിചിറകുകളിൽ അവൻ നമ്മുടെ കാഴ്ചയാകുന്ന കുന്തിരുക്കം സ്വീകരിക്കുന്നു. ദേവാലയത്തിന്റെ പൂമുഖത്തിൽ പുറത്തെ ഇരുട്ടിലും തണുപ്പിലും ഒരുക്കപ്പെടുന്ന തീജ്വാല ആത്മീയ അഗ്നിയായി നമ്മുടെ ഹൃദയങ്ങളിലേക്ക് പകരപ്പെടുന്നതാണ് അതീവ കാൽപനിക ഭാവമുള്ള ആ ശുശ്രൂഷ. അവിടെ വായിക്കപ്പെടുന്ന എബ്രായ ലേഖന ഭാഗം (1:1-12) കാര്യങ്ങൾ വ്യക്തമായി നമ്മോട് പറയുന്നു: "നീ എന്റെ പുത്രൻ, ഞാൻ ഇന്നു നിന്നെ ജനിപ്പിച്ചിരിക്കുന്നു" എന്നും "ഞാൻ അവന് പിതാവും അവൻ എനിക്കു പുത്രനുമായിരിക്കു"മെന്ന് അഗ്നി മൂന്നു വട്ടം വലംവച്ച് പ. സഭ പ്രഖ്യാപിക്കുന്നു. സ്വർഗ്ഗീയ സംഘത്തിന്റെ ഗാനാലാപത്തോട് ചേർന്ന് സർവ്വപ്രപഞ്ചവും പ. സഭയും "അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം. ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനമെന്ന്' ജനനത്തിന്റെ സന്തോഷവും മൂന്നു തവണ ആവർത്തിക്കുന്നു. വി. ഏവൻഗേലിയോൻ (ലൂക്കോസ് 2:1-20) വായന തീർന്ന് "അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ സ്തുതിക്കുന്നതുപോലെ..." എന്നു മാലാഖമാരുടെ സ്തുതിപ്പും മോറാനേശു മശിഹാ എന്ന ഹൂത്തോമ്മോയും ചൊല്ലിയശേഷം അന്നത്തെ വി. കുർബ്ബാന അർപ്പണത്തിനായി വിശ്വാസികൾ സന്തോഷത്തോടെ ദേവാലയത്തിനകത്തേക്ക് പ്രവേശിക്കുന്നു.

തുടർന്നുള്ള ദിവസങ്ങളിൽ പ. ദൈവമാതാവിന്റെ പുകഴ്ചപെരുന്നാളും (ഡിസംബർ 26) ശിശുവധ പെരുന്നാളും (ഡിസംബർ 27) പ. സഭ ആഘോഷിച്ച് ധ്യാനിച്ച് ക്രിസ്തു ജനനത്തിന്റെ സർവ്വഭാവങ്ങളും എല്ലാ വർഷവും വിശ്വാസികളുടെ മനസ്സിലേക്ക് ആഴത്തിൽ പകരുന്നു. ഇത്ര ശക്തവും ശ്രേഷ്ഠവും അവർണ്ണനീയവുമായ ആരാധനാ പാരമ്പര്യം പ. ആത്മാവിൽ പ. സഭയ്ക്ക് വെളിപ്പെടുത്തിയ ദൈവത്തെ സ്തുതിക്കാം; അവന്റെ ജനനത്തെ ആഘോഷിപ്പാൻ അവൻ നമ്മെ ഒരുക്കട്ടെ എന്ന് പ്രാർത്ഥിക്കാം.

❑

സഭാപിതാക്കന്മാർ

യാക്കോബ് മാർ പോളിക്കാർപ്പോസ്

(1921-1986)

കൊച്ചി അയ്യമ്പിള്ളി മഴുവഞ്ചേരി കുടുംബാംഗം. മുളന്തുരുത്തി ചാക്കോ മാത്യുവിന്റെയും അന്നമ്മയുടെയും മകൻ. 1921 ഫെബ്രു. 19-ന് ജനിച്ചു. കുണ്ടറ, തഴക്കര, കാർത്തികപ്പള്ളി, കോട്ടയം എം. ഡി. ഹൈസ്കൂളുകളിൽ ഹെഡ്മാസ്റ്റർ ആയി. 1948 ജൂലായ് 3-ന് ഗീവറുഗ്ഗീസ് II ബാവാ കശ്ശീശാപട്ടം നൽകി.

1978 മെയ് 15-ന് പഴഞ്ഞിയിൽ വച്ച് മാത്യൂസ് I ബാവ മേല്പട്ടം നൽകി. യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ അസിസ്റ്റന്റായി കൊച്ചി ഭദ്രാസനത്തിലേക്ക് നിയമിക്കപ്പെട്ടു. ഏതാനും വർഷങ്ങൾക്കകം അദ്ദേഹവും രോഗിയായി. 1986 ഡിസം. 26-ന് കാലം ചെയ്തു. ഭദ്രാസനാസ്ഥാനമായ കൊരട്ടി സീയോൻ സെമിനാരിയിൽ കബറടക്കപ്പെട്ടു.

ഇമ്മാനുവൽ

കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും അവനു 'ദൈവം നമ്മോടുകൂടെ' എന്നർത്ഥമുള്ള 'ഇമ്മാനുവേൽ' എന്നു പേർ വിളിക്കും. (വി. മത്തായി 1:22 / യെശയ്യാവ് 7:14)

എപ്പോഴെല്ലാം നാം ഇമ്മാനുവേൽ (ദൈവം നമ്മോടുകൂടെ) അനുഭവത്തിലാണോ അപ്പോഴെല്ലാം ക്രിസ്തുമസ് വന്നണയുന്നു. ദൈവം നമ്മോടൊപ്പം എന്ന അനുഭവം, നമ്മുടെ ചിന്തയിലും മനോഭാവങ്ങളിലും മാറ്റങ്ങൾ വരുത്തി, നമ്മെ ഒരു പുതുസൃഷ്ടിയാക്കി തീർക്കണം ഈ ക്രിസ്തുമസിൽ. ഈ അനുഭവം ലഭിച്ച ആട്ടിടയന്മാർ പ്രത്യാശയും ആനന്ദവും നിറഞ്ഞ ഹൃദയത്തോടെയാണ് തിരിച്ച് പോയത്. ഒരിക്കൽ 'ദൈവം നമ്മോടുകൂടെ' അനുഭവം ലഭിച്ച രാജാക്കന്മാർ മറ്റൊരു വഴിയിലൂടെ സ്വദേശത്തേക്ക് മടങ്ങിപ്പോയി. തനിക്ക് ഇനി സമാധാനത്തോടെ സ്വഭവനത്തിലേക്ക് യാത്രയാകാം എന്ന ചിന്തയാണ് 'ഇമ്മാനുവേലിനെ' കാണുമ്പോൾ പ്രവാചകനായ ശിമയോന് ഉണ്ടായത്. യേശുക്രിസ്തുവിന്റെ ജനനത്തോടെ ചില വ്യക്തികളിൽ ഉണ്ടായ വ്യതിയാനങ്ങളാണിവ.

ഈ ക്രിസ്തുമസ് ആഘോഷിക്കുമ്പോൾ 'ദൈവം നമ്മോടുകൂടെ' എന്ന തിരിച്ചറിവിൽ നമ്മുടെ ജീവിതത്തിൽ ചില മാറ്റങ്ങൾ വരുത്തുവാനും, നമ്മുടെ സാന്നിദ്ധ്യം കൊണ്ട് 'ദൈവം നമ്മോടുകൂടെ' എന്ന അനുഭവം മറ്റുള്ളവരിൽ ഉണ്ടാകുവാനും ഈ ക്രിസ്തുമസ് ആഘോഷങ്ങൾ ഇടയാക്കട്ടെ എന്നു ആശംസിക്കുന്നു. എല്ലാ വായനക്കാർക്കും ശാന്തിയുടെയും സമാധാനത്തിന്റെയും ഹൃദയം നിറഞ്ഞ ക്രിസ്തുമസ് ആശംസകൾ

ദൈവം അനുഗ്രഹിക്കട്ടെ

ഡോ. ഗീവർഗീസ് മാർ യൂലിയോസ്
മെത്രാപ്പോലീത്താ

മലങ്കരസഭാ പ്രശ്നങ്ങളും മാർത്തോമാ സഭാ നേതൃത്വവും

ഫാ. ഡോ. ജോർജ് കോശി

മലങ്കര ഓർത്തഡോക്സ് സഭയിലെ പ്രസിസന്ധികളുമായി ബന്ധപ്പെട്ടു സമാധാന വക്താക്കളായി ഇതര സഭാനേതൃത്വനിരയിലെ ചില മേല്പട്ടക്കാർ മാധ്യമങ്ങളിലും മുഖ്യമന്ത്രിയുടെ ശ്രദ്ധയിലും നിറഞ്ഞു നിൽക്കുമ്പോൾ സഭാംഗങ്ങൾ വിസ്മരിക്കരുതാത്ത ചില സത്യങ്ങളുണ്ട്. സഭയുടെ കഴിഞ്ഞ അരനൂറ്റാണ്ട് കാലത്തെ ചരിത്രത്തിൽ ഉരുത്തിരിഞ്ഞ പ്രശ്നങ്ങളുടെ ആക്കവും ആഴവും പെരുപ്പിക്കുന്നതിനു ഇതര സഭാനേതൃത്വത്തിലുള്ളവരുടെ പങ്കും പങ്കപ്പാടും അതിവിപുലമാണ്. 1958-ലെ യോജിപ്പിനെ തുടർന്ന് സർവ്വപ്രകാരേണയും കുതിച്ചു മുന്നേറിയ സഭയുടെ വളർച്ചയിൽ ആധിയും അസൂയയും പൂണ്ടവരുടെ രഹസ്യവും പരസ്യവുമായ പാരവെയ്പ്പുകൾ ഇന്ന് ഈ നിലയിൽ സഭയെ എത്തിക്കുന്നതിന് എണ്ണ ഏറെ പകർന്നു. മാമോദീസാ വെള്ളം വീഴാത്ത ഹൈന്ദവരുൾപ്പെടെയുള്ള ഇതര സമുദായങ്ങൾ സഭാ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ആഢ്യതയോടും ആദരവോടും പെരുമാറിയപ്പോൾ മാർത്തോമ്മാ നസ്രാണികളുടെ ഇനത്തിൽപ്പെട്ടവർ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നവരെ പ്രോൽസാഹിപ്പിച്ചും അവർക്കു പെരുത്തുമ്മ കൊടുത്ത് ഉള്ളത്തോടും ഉണ്മയോടും ചേർത്തും പിളർപ്പിനു വെള്ളവും വെളിച്ചവുമേകി വളർത്തി വലുതാക്കി. ഓർത്തഡോക്സ് നേതൃത്വത്തെ വഴക്കുകാരാക്കി വീഴ്ത്തിയും ബാക്കിയുള്ളവർ വാഴ്ത്തപ്പെട്ടവരെന്നു മേനി നടിച്ചുമുള്ള പരസ്യപ്രസ്താവനകൾക്കു കുറവൊന്നുമുണ്ടായില്ല. അങ്ങനെ അവർ പള്ളിയിൽ പ്രാർത്ഥിക്കുവാൻ പോയി വീരവാദമടിച്ചു വിലസിയ പരീശനെ പരാജയപ്പെടുത്തുന്നവരായിത്തീർന്നു. അന്നും ഇന്നും ഓർത്തഡോക്സുകാരുടെ നിലയും നിലപാടും ഉള്ളം കലങ്ങിയ ചുങ്കക്കാരേന്റേതാണെന്നതിൽ ദൈവത്തെ സ്തുതിക്കുന്നു.

മേൽപ്പറഞ്ഞവരിൽ ഒന്നാം സ്ഥാനത്തിനർഹർ മാർത്തോമ്മാ സഭാ നേതൃത്വമാണ്. ആ സ്ഥാനം മറ്റാർക്കും അവർ വിട്ടുകൊടുക്കുകയില്ല. പിന്നത്തെ സ്ഥാനം മലങ്കര റീത്തിനാണ്. പടിഞ്ഞാറുള്ള കത്തോലിക്കർ പള്ളികളും പറമ്പുകളും വിറ്റു ചെയ്തുകൂട്ടിയ പാതകങ്ങൾക്കു നഷ്ടപരിഹാരം കൊടുത്തുകൊണ്ടിരിക്കുകയാണല്ലോ. അതുകൊണ്ട് ആളുകളെ പിടിക്കാൻ അവിടുന്നുള്ള വരുമാനം നിന്നുപോയി. പാൽപ്പൊടിയും പള്ളിക്കൂടം ജോലിയും കൊടുത്ത് പത്തുപേരെ "പുന്നാരഐക്യത്തിനു" ഒത്തുകിട്ടാൻ അസാദ്ധ്യം. ഇങ്ങനെയൊക്കെയാണെങ്കിലും സഭാപ്രശ്നത്തിന്റെ പേരു പറഞ്ഞു പള്ളിപറമ്പിനെ തൊട്ടു പള്ളി പണിയാൻ അവർ മുട്ടിനിൽക്കയാണ്. ഏദൻതോട്ടത്തിലെ പാമ്പിനെ പരാജയപ്പെടുത്തുന്ന അഭ്യാസങ്ങളുമായി അവർ ഓടി നടക്കുന്നു. നാട്ടിൽ കാതോലിക്കായും നാടു വിട്ടാൽ വെറുമൊരു കർദ്ദിനാളുമായ 'പിതാവ്' അതിനു അതിവിദഗ്ധമായി നേതൃത്വം നൽകുന്നുണ്ട്. ഈ കുറിപ്പിൽ മാർത്തോമ്മാ സഭയുടെ കാര്യം മാത്രമേ പരാമർശന വിഷയമാക്കുന്നുള്ളു.

അനധികൃതമായും ആരും അറിയാതെയും അന്ത്യോഖ്യയിൽ പോയി മേൽപട്ടം ഏറ്റു വന്ന ശ്രേഷ്ഠ ബാവായും ശിഷ്ട മേൽപട്ടക്കാർക്കും മുൻഗാമി മാർത്തോമ്മാ സഭാ സ്ഥാപകൻ എന്നു വിശേഷിപ്പിക്കപ്പെടുന്ന പാലക്കുന്നത്ത് മാത്യൂസ് അത്താനാസിയോസ് മെത്രാപ്പോലീത്തായാണ്. ശീമബന്ധമെന്ന 'കണ്ഠ കോടാലി' കണ്ഠാഭരണമമെന്നു തെറ്റിദ്ധരിച്ചണിഞ്ഞു മലങ്കരയിലെത്തിയ അദ്ദേഹം ചില്ലറ പ്രശ്നങ്ങൾ സഭയിൽ സൃഷ്ടിച്ചുവെങ്കിലും മാതുലൻ മല്പാന്റെ തക്സാ തിരുത്തൽ വികൃതികളിലും ഇന്നത്തെ പിൻഗാമിയുടെ തകൃതികളിലും വീണില്ലായെന്നുള്ളതിനു ചരിത്രം സാക്ഷി.

ആധുനിക കാലത്ത് അതിരഹസ്യമായി കടലുകടന്ന് ആദ്യമായി അവിഹിതമായി മേൽപട്ടം ഏറ്റു മലങ്കരയിൽ വന്നതു കടവിൽ പൗലോസ് അത്താനാസിയോസ് മെത്രാപ്പോലീത്താ ആയിരുന്നല്ലോ. അദ്ദേഹത്തെ ഇതംപ്രഥമമായി ക്ഷണിച്ചു സ്വീകരിച്ചത് മാർത്തോമ്മാ സഭയാണ്. ക്നാനായ മെത്രാസനത്തിന്റെ ഏബ്രഹാം മോർ ക്ലീമീസും കണ്ടനാടിന്റെ പൗലോസ് മാർ പീലക്സീനോസും (ആദ്യ ശ്രേഷ്ഠ ബാവാ) കടവിൽ മെത്രാച്ചനെ അടുപ്പിക്കാതെ അകറ്റി നിറുത്തിയവേളയിലാണ് മാർത്തോമ്മാസഭ അദ്ദേഹത്തിനു കടന്നുവരാൻ വേദി ഒരുക്കിയതും പീഠത്തിലിരുത്തി കോൾമയിൽ കൊള്ളിച്ചതും. ഇന്നത്തെ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെയും മറ്റൊരാളുടെയും എപ്പിസ്കോപ്പൽ സ്ഥാനാരോഹണ സമ്മേളനത്തിനായിരുന്നു അദ്ദേഹത്തെ ക്ഷണിച്ചു വരുത്തിയത്.

തിരുവല്ല എസ്.സി. സെമിനാരിയിൽ നടന്ന ആ സമ്മേളനത്തിന്റെ ഉദ്ഘാടകൻ അന്നത്തെ നിയുക്ത കാതോലിക്കാ മാത്യൂസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ (പ. മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ) ആയിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗം ആവേശത്തോടും ആരംഭം മുതൽ ഹർഷാരവത്തോടെയുമാണ് സദസ് സ്വീകരിച്ചത്. സമ്മേളനശേഷം അതിഥികൾ പുലാത്തീൻ അരമനയിലേക്കും കാപ്പി സൽക്കാരത്തിനു പോയ വഴി മാർ യൂഹാനോൻ മെത്രാപ്പോലീത്താ നിയുക്തബാവായെ പ്രസംഗത്തിനു പ്രശംസിച്ചു അനുമോദിക്കുകയുണ്ടായി (നേരിട്ടു കേട്ടതാണ് ഇവിടെ കുറിക്കുന്നത്). എന്നാൽ അടുത്ത ലക്കം 'മലങ്കരസഭാതാരക'യിൽ ആ പ്രസംഗത്തെ കുത്തി അദ്ദേഹം കത്തെഴുതിയെന്നുള്ളത് ഒരു വിരോധാഭാസമായി നിലകൊള്ളുന്നു (കൂട്ടത്തിൽ പറയട്ടെ, കടവിൽ മെത്രാപ്പോലീത്താ, അന്ത്യോഖ്യാബന്ധത്തിന്റെ ബന്ധനത്തിൽ ശ്വാസം മുട്ടി വലഞ്ഞപ്പോൾ പാത്രിയർക്കീസിനു അന്ത്യോഖ്യായിൽ നിന്നു ലഭിച്ച വടിയും മുടിയുമുൾപ്പെടെയുള്ളവ പാർസൽ ചെയ്ത് അയച്ചു കൊടുത്തു ശ്വാസം നേരേയാക്കുകയുണ്ടായി. അയച്ചുകൊടുക്കുവാൻ സഹായിച്ച, ഇന്നത്തെ പാത്രിയർക്കീസ് വിഭാഗം നേതൃസ്ഥാനികളിൽ ഒരുവൻ പകർന്നു തന്നതാണ് ഈ അറിവ്. മാർ യൂഹാനോൻ മാർത്തോമ്മാ മലങ്കര സഭയെ ഒറ്റപ്പെടുത്താനുള്ള വഴികളും കുറ്റപ്പെടുത്താനുള്ള വേദികളും തക്കത്തിൽ പ്രയോജനപ്പെടുത്തി. ഉദാഹരണങ്ങൾ ഇവിടെ നിരത്തുന്നില്ല.

പിൻഗാമിയായി വന്ന മാർ അലക്സാണ്ടർ മെത്രാപ്പോലീത്തായ്ക്കു ഓർത്തഡോക്സ് സഭയോടുള്ള വൈരൃത്തിന്റെ വീര്യത്തിനും രോഗത്തിനും കുറവൊന്നുമില്ലായിരുന്നു. സഭാദ്ധ്യക്ഷസ്ഥാനാരോഹണത്തെ തുടർന്ന് അദ്ദേഹത്തിനും ആ സമയത്ത് എൻ.എസ്.എസ്. ജനറൽ സെക്രട്ടറി സ്ഥാനത്തേക്കു അവരോധിക്കപ്പെട്ട ശ്രീ. കിടങ്ങൂർ ഗോപാലകൃഷ്ണപിള്ളയ്ക്കും സഭ വകയായി ഒരു സ്വീകരണം പഴയസെമിനാരിയിൽ ക്രമീകരിക്കുകയുണ്ടായി. അന്നത്തെ സഭാദ്ധ്യക്ഷൻ പ. മാത്യൂസ് പ്രഥമൻ ബാവാ സമ്മാനങ്ങൾ നൽകി ഇരുവരെയും ആദരിച്ചു. അനുമോദനങ്ങൾക്കു കൃതജ്ഞത രേഖപ്പെടുത്തി ശ്രീ. കിടങ്ങൂർ ഗോപാലകൃഷ്ണപിള്ള ചെയ്ത ആവേശോജ്ജ്വലമായ പ്രസംഗം അനുസ്മരിക്കുമ്പോൾ ഇന്നും രോമാഞ്ചമണിയുകയാണ്. പ. ഗീവറുഗീസ് ദ്വിതീയൻ ബാവായും ശ്രീ. മന്നത്തു പല്മനാഭനുമായുള്ള സ്നേഹബന്ധം, ഓർത്തഡോക്സ് സഭയുടെ പൗരാണികത, ഭാരതീയത ആദിയായവ അവതരിപ്പിച്ചു പടർന്നു കയറിയ പ്രൗഢോജ്വലമായ പ്രഭാഷണമായിരുന്നു അത്. മാർ അലക്സാണ്ടർ മെത്രാപ്പോലീത്തായുടെ അന്നത്തെ പ്രസംഗത്തിലെ വാക്കുകളും വാചകങ്ങളും കേൾക്കാൻ വിധിക്കപ്പെട്ടവർക്കുണ്ടായ 'വിമ്മിട്ടം' അത് ഓർക്കാനിടയായാൽ ഇന്നും തുടരാനാണിട. സഭാംഗങ്ങളെ മുറിപ്പെടുത്തുന്ന പ്രയോഗങ്ങളിലൂടെയായിരുന്നു പ്രസംഗത്തിന്റെ പ്രാരംഭം തന്നെ. തുടർന്ന് സഭാദ്ധ്യക്ഷൻ സമ്മാനിച്ച കുരിശുമാലയെക്കുറിച്ചായി. ലോഹത്തിലുള്ള മാലയോടുള്ള, കുരിശിനോടുള്ള അദ്ദേഹത്തിന്റെ അലോഹ്യമായിരുന്നു വിഷയം. ഒരു ലോഹ്യകുറവും കാട്ടാതെ അദ്ദേഹം അപ്പോൾ ധരിച്ചിരുന്ന കുരിശും മോതിരവും ലോഹമായിരുന്നുവെന്നുള്ളതു പ്രസംഗം ശ്രവിച്ചിരുന്നവർ ശ്രദ്ധിക്കാതിരുന്നില്ല.

കുരിശിൽപോലും അദ്ദേഹം കുറ്റം കണ്ടെത്തി.

അടുത്ത അദ്ധ്യക്ഷസ്ഥാനി മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തായായിരുന്നുവല്ലൊ. സഭയെ വിമർശിക്കുവാനുള്ള അവസരങ്ങൾ അദ്ദേഹം നഷ്ടപ്പെടുത്തിയിരുന്നില്ലെങ്കിലും അത് കേട്ടവർക്ക് അദ്ദേഹത്തിന്റെ മുൻഗാമിയുടെ പ്രസംഗം ശ്രവിച്ച അനുഭവമായിരുന്നില്ല. മറിച്ചു ചിരിക്കുവാനുള്ള വക അദ്ദേഹം ഒപ്പിച്ചു ഒരുക്കുമായിരുന്നു. ഓർത്തഡോക്സ് സഭയോടുള്ള അദ്ദേഹത്തിന്റെ ആദരവ് പകൽപോലെ വ്യക്തം. ആ സഭയുടെ നേതൃനിരയിലുള്ളവരിൽ മലങ്കരസഭയുമായുള്ള ബന്ധത്തിലും സഭയോടുള്ള ബഹുമാനത്തിലും അദ്ദേഹം വേറിട്ടു നിൽക്കുന്നു.

ഇന്നത്തെ മെത്രാപ്പോലീത്തായുടെ നാക്കും വാക്കും നെട്ടോട്ടവും അക്ഷരത്തിലാക്കുന്നില്ല. കൺമുമ്പിൽ കാണുന്ന കാഴ്ചയാണല്ലോ അത്. നിൽക്കാനും നീങ്ങാനും വടിയുടെ ബലം മതിയാകാത്ത ബലഹീനനായ അദ്ദേഹം കൊച്ചിയിലും കോതമംഗലത്തും പിന്നെ "കണ്ട"നാട്ടിലെല്ലാം കിതച്ചു കുതിച്ചെത്തി സഭയെ തളർത്താനും തകർക്കാനും ശ്രമിക്കുന്നവരെ ആശ്ലേഷിക്കുകയും അനുമോദിക്കുകയും ചെയ്യുന്നത് സ്ഥിരം കലാപരിപാടിയായി മാറിയിരിക്കുന്നു. സഭാവിഭജനത്തിനു വിമാന എണ്ണ പകരുന്ന അദ്ദേഹം സമാധാന ദൂതനായി അവതരിക്കുന്നവരോടൊപ്പമുണ്ടെന്നുള്ളത് ഇരുപത്തൊന്നാം നൂറ്റാണ്ടിലെ ഏറ്റവും വലിയ തമാശ ആകാനാണിട.

വാൽക്കഷണം

ആത്മീയ അദ്ധ്യക്ഷ സ്ഥാനി അല്ലെങ്കിലും ഒരു പേരു കൂടി ഇവിടെ പറയാതിരിക്കുന്നത് പെരുത്ത നന്ദികേടായിരിക്കും. ആൾ ആ സഭാംഗമായ മുൻ ജഡ്ജി ശ്രീ. കെ. റ്റി. തോമസാണ്. അയാൾ 'വിഘടന' വിശ്വാസികളുടെ വാദിയും വിദഗ്ധോപദേശകനുമായത് മലങ്കരസഭയുടെ ഭാഗ്യം. മറ്റേ കൂട്ടരുടെയോ? പറയാതിരിക്കയാണു ഭേദം.

മുംബൈ ഭദ്രാസനത്തിൽ നിന്നുള്ള മാനേജിംഗ് കമ്മറ്റി മെമ്പർ ജേക്കബ് ഉമ്മൻ നിര്യാതനായി.

2018-ലെ നെഹ്റു ട്രോഫി കരസ്ഥമാക്കിയ ഗബ്രിയേൽ ചുണ്ടൻ വള്ളത്തിന്റെ അമരക്കാരനാണ്.

ആദരാഞ്ജലികൾ

ഓടക്കാലി പള്ളിയിൽ ഓർത്തഡോക്സ് സഭക്ക് പ്രവേശിക്കാൻ പോലിസ് സംരക്ഷണം അനുവദിച്ച് പള്ളി കോടതി ഉത്തരവായി. വിധി നടപ്പാക്കിയ ശേഷം ഡീറ്റെയിൽസ് കോടതിയെ അറിയിക്കണമെന്നും കോടതി ആവശ്യപ്പെട്ടു.

കോടതി വിധികൾ ധികരിച്ച് സംഘർഷത്തിന് ശ്രമിക്കുന്ന വിഘടിത വിഭാഗത്തിന്റെ നിലപാടിനെ കോടതി അതിശക്തമായ ഭാഷയിൽ വിമർശിച്ചു.

നന്മയുടെ പ്രകാശം വരട്ടെ

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

വായനക്കാർക്ക് എന്റെ എളിയ ക്രിസ്തുമസ് ആശംസകൾ. യേശുക്രിസ്തുവിന്റെ ജനനപ്പെരുന്നാൾ ലോകത്തിന്റെ മിക്ക ഭാഗങ്ങളിലും ജാതിമതഭേദമെന്യേ സമാധാനത്തിന്റെയും സന്തോഷത്തിന്റെയും തിരുനാളായി ആഘോഷിക്കുന്നു.

2000 വർഷം മുമ്പാണ് സ്വർഗ്ഗീയമായ മാലാഖമാർ ബേത്ലഹേമിലെ മലമ്പുറങ്ങളിൽ ആടിനെ നോക്കിക്കൊണ്ടു കിടന്ന പാവപ്പെട്ടവരായ ആട്ടിടയന്മാരോട് സദ്വാർത്ത അറിയിച്ചത്. ലോകരക്ഷകൻ ജാതം ചെയ്തത് രാജകൊട്ടാരത്തിലൊന്നുമല്ല. വഴിയമ്പലത്തിൽ സ്ഥലമില്ലാഞ്ഞിട്ട് പുറത്ത് പശുക്കളുടെ തൊഴുത്തിലെ പുൽക്കൂട്ടിലായിരുന്നു ആ മഹാജനനം.

എന്നാലിന്ന്, 2000 വർഷം കഴിഞ്ഞിട്ടും ലോകത്തിൽ സമാധാനമില്ല. സന്തോഷവുമില്ല. ലോകജനതയുടെ നാല്പത് ശതമാനത്തിനുമാത്രമേ മൂന്നു നേരം വയറുനിറച്ചു കഴിച്ച് കിടന്നുറങ്ങുവാൻ വകയുള്ളു. പക്ഷേ അവരുടെയിടയിൽത്തന്നെ അനീതിയും അക്രമവുമാണ് നടമാടുന്നത്. മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുന്നു. വിവാഹബന്ധങ്ങൾ ശീഘ്രത്തിൽ ശിഥിലമായ്ക്കൊണ്ടിരിക്കുന്നു. മനുഷ്യർ സ്വാർത്ഥതയിലും സ്നേഹമില്ലായ്മയിലും കിടന്ന് നട്ടംകറങ്ങുന്നു. ക്രിമിനൽ കുറ്റങ്ങളുടെ സംഖ്യ പ്രതിവർഷം വർദ്ധിച്ചുവരുന്നു. എയ്ഡ്സിനും മയക്കുമരുന്നിനും അധീനരാവുന്നവരുടെ സംഖ്യാ വർദ്ധനവിന് നിയന്ത്രണമില്ലാതെ കാണുന്നു. ഭീകരപ്രവർത്തനങ്ങൾ സാധാരണക്കാരിൽപ്പോലും ഭീതി വളർത്തുന്നു. സർക്കാർ മുഴുവൻ അടിമുതൽ മുടി വരെ കോഴയും കൈക്കൂലിയും കൊണ്ട് നാറുന്നു. പണമുണ്ടെന്നു പറയാവുന്ന നാല്പതു ശതമാനത്തിന് പോലും സാമൂഹ്യഭദ്രതയോ മനഃസമാധാനമോ യഥാർത്ഥത്തിൽ സംസിദ്ധമാകുന്നില്ല.

മറ്റേ അറുപതു ശതമാനത്തിന്റെ നിലയെന്താണ്? കുഞ്ഞുങ്ങൾ അരപ്പട്ടിണിയാണ്. കിടപ്പാടം ഉണ്ടെങ്കിൽ അത് പൊളിഞ്ഞ് ജീർണ്ണിച്ചു കിടക്കുന്നു. തൊഴിലുണ്ടെങ്കിൽ അത് എപ്പോഴാണ് ഇല്ലാതായിത്തീരുന്നതെന്നറിഞ്ഞുകൂടാ. പകുതിപ്പേർ വഴിയിലാണ് കിടപ്പ്. തൊഴിലെടുക്കുന്നവർക്ക് ജീവസന്ധാരണത്തിനുള്ള വക കൂലിയായിക്കിട്ടുന്നില്ല. മർദ്ദനത്തിൽ നിന്നും ചൂഷണത്തിൽ നിന്നും രക്ഷ നേടുവാൻ അധികം പേരും വഴികാണുന്നില്ല. ധനികനും ദരിദ്രനും തമ്മിലുള്ള വിടവ് പ്രതിവർഷം വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

ഇങ്ങനെ അനീതിനിറഞ്ഞ ഒരു ലോകത്തിന് എന്താശംസയാണ് ക്രിസ്തുമസ് പ്രമാണിച്ചു നൽകുവാൻ സാധിയ്ക്കുക? അനീതിയുടെ അടിമയിൽക്കിടക്കുന്നവർ ഈശ്വരസഹായവും സൻമനസ്സുള്ള മനുഷ്യരുടെ സഹകരണവുംകൊണ്ട് തങ്ങളെത്തന്നെ വിമോചിതരാക്കുവാൻ ശക്തരായിത്തീരട്ടെ. മനുഷ്യനെ സഹായിയ്ക്കുവാൻ വേണ്ടിയുണ്ടാക്കിയിട്ടുള്ള രാഷ്ട്രഘടനകളും ഐക്യരാഷ്ട്ര സംഘടനയുമൊക്കെ നാൽപതു ശതമാനത്തിന്റെ ഉപകരണങ്ങളായിത്തീരാതെ, മനുഷ്യരാശിയുടെ മുഴുവൻ ഉന്നമനത്തിനും നീതിനിഷ്ഠമായ ഒരു സമൂഹത്തിന്റെ കെട്ടുപണിയ്ക്കും ഉതകട്ടെ. ആഗോളകമ്പോള വ്യവസ്ഥിതിയുടെ വലയിൽപ്പെട്ടു കിടക്കുന്ന മനുഷ്യവർഗ്ഗം വല പൊട്ടിച്ച് പുറത്തിറങ്ങി, അനീതിയും ചൂഷണവുമില്ലാത്ത, മനുഷ്യന്റെ അന്തസ്സും സ്വാതന്ത്ര്യവും കാത്തുസൂക്ഷിക്കുന്ന, ഒരു പുതിയ ലോകവ്യവസ്ഥിതിയിലേയ്ക്ക് ലോകത്തെ നയിയ്ക്കട്ടെ.

രാഷ്ട്രീയ മണ്ഡലങ്ങളിൽ നേരും നെറിവും തിരികെ വരട്ടെ. കുടുംബങ്ങളിൽ സമാധാനം വിലസട്ടെ. മനുഷ്യബന്ധങ്ങൾ സ്നേഹത്തിലും പരസ്പര സഹകരണത്തിലും അധിഷ്ഠിതങ്ങളായിത്തീരട്ടെ. യുദ്ധവും ഭീകരപ്രവർത്തനങ്ങളും ആയുധക്കച്ചവടവും നീങ്ങിപ്പോയിട്ട്, മനുഷ്യർ പരസ്പരം സഹകരിച്ച് സമാധാനത്തിന്റയും നീതിയുടെയും മാർഗ്ഗങ്ങളെ അനുധാവനം ചെയ്യട്ടെ. സ്ത്രീകളും കുഞ്ഞുങ്ങളും അക്രമവിധേയരാകാതെ സ്നേഹഭാജനങ്ങളായി സമാധാനത്തിൽ ജീവിയ്ക്കുമാറാകട്ടെ. തൊഴിലാളിവർഗ്ഗം മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ പുരോഗതിക്കും ശ്രേയസ്സിനും വേണ്ടി അദ്ധ്വാനിയ്ക്കുന്നവരായിത്തീരട്ടെ.

തിൻമയുടെ അന്ധകാരം നീങ്ങിപ്പോയിട്ട്, മനുഷ്യഹൃദയങ്ങളിലും മനുഷ്യസമൂഹത്തിലും സ്നേഹത്തിന്റെയും നൻമയുടെയും പ്രകാശം ഉദിയ്ക്കട്ടെ.

(അദ്ധ്യാപകലോകം, ജനുവരി 1996)

നിയമവാഴ്ച ഉറപ്പാക്കിയാൽ രാജ്യത്തിലും സഭയിലും സമാധാനം പുലരും: പ. കാതോലിക്കാ ബാവാ

നിരണം ഭദ്രാസന പ്രതിഷേധ സമ്മേളനത്തോടനുബന്ധിച്ചു യൂഹാനോൻ മാർ ക്രിസോസ്റ്റമോസിന്റെ നേതൃത്വത്തിൽ നടന്ന റാലി.

നിരണം: നിയമവാഴ്ച ഉറപ്പാക്കിയാൽ സഭയിലും രാജ്യത്തും സമാധാനം പുലരുമെന്ന് പരിശുദ്ധ കാതോലിക്ക ബാവ പ്രസ്താവിച്ചു.പതിറ്റാണ്ടുകളായി തുടരുന്ന മലങ്കര സഭാ തർക്കത്തിൽ പരമോന്നത നീതിപീഠം പുറപ്പെടുവിച്ച അന്തിമ വിധി നടപ്പാക്കാത്തതിൽ പ്രതിഷേധിച്ചും വിഘടിത വിഭാഗം നടത്തുന്ന തുടർച്ചയായ നിയമലംഘനത്തിനും ആക്രമങ്ങൾക്കെതിരെയും മലങ്കര ഓർത്തഡോക്സ് സഭ നിരണം ഭദ്രാസനംസംഘടിപ്പിച്ച പ്രതിഷേധ മഹാ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഭദ്രാസനാധിപൻ ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് അധ്യക്ഷനായിരുന്നു.

സഭയുടെ ഔദ്യോഗിക വക്താവ് ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട് മുഖ്യസന്ദേശം നൽകി. കൽക്കട്ട ഭദ്രാസനാധിപൻ ഡോ.ജോസഫ് മാർ ദിവന്നാസിയോസ്, മലങ്കര അസോസിയേഷൻ സെക്രട്ടറി അഡ്വ ബിജു ഉമ്മൻ, ഭദ്രാസന സെക്രട്ടറി ഫാ അലക്സാണ്ടർ ഏബ്രഹാം,മാനേജിങ് കമ്മിറ്റി അംഗങ്ങളായ ഫാ വർഗീസ് ജോർജ്, ഫാ. ജോൺ മാത്യു, ഡോ. മനു ഉമ്മൻ, ജൂബി പീടിയേക്കൽ, ഭദ്രാസന കൗൺസിൽ അംഗങ്ങളായ ഫാ കെ. എ. വർഗീസ്, ഫാ ജോജി എം എബ്രഹാം, മത്തായി ടി വർഗീസ്, അഡ്വ പ്രദീപ് മാമൻ, സുനിൽ നിരവ്പൂലം, രഞ്ജി ജോർജ്, നിരണം പള്ളി വികാരി സാരി ഫാദർ വർഗീസ് മാത്യു, ട്രസ്റ്റി എം വി എബ്രഹാം, സെക്രട്ടറി കെ ബി മാത്യു, അസിസ്റ്റന്റ് വികാരി ഫാദർ അനു ജോർജ് എന്നിവർ പ്രസംഗിച്ചു.

നേരത്തെ ആലംതുരുത്തി ജംഗ്ഷനിൽ നിന്ന് നിരണം പള്ളിയിലേക്ക് നടന്ന പ്രതിഷേധ റാലിയിൽ പതിനായിരങ്ങൾ പങ്കെടുത്തു. നിയമം നടപ്പിലാക്കാത്ത അധികാരികൾക്കെതിരെയുള്ള മുന്നറിയിപ്പായിരുന്നു പ്രതിഷേധ പ്രകടനം. റാലിക്ക് ഡോക്ടർ യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ഭദ്രാസന സെക്രട്ടറി ഫാ. അലക്സാണ്ടർ എബ്രഹാം, അസോസിയേഷൻ സെക്രട്ടറി അഡ്വക്കേറ്റ് ബിജു ഉമ്മൻ എന്നിവർ നേതൃത്വം നൽകി.

MGOCSM Regional Conference, (MP - Rajasthan) of the Diocese of Ahmedabad held at St. Mary's Orthodox Church, Bhilwara, Rajasthan.



മങ്ങാട് മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് ദേവാലയത്തിൽ നവ ദേവാലയ നിർമ്മാണത്തിന്റെ ഭാഗമായി വിശുദ്ധ മദ്ബഹായിൽ പ്രധാന ബലിപീഠത്തിന്റെ ശിലാസ്ഥാപന കർമ്മം വിശുദ്ധ കുർബ്ബാനക്ക് ശേഷം പരിശുദ്ധ ബാവ നിർവ്വഹിച്ചു. തുടർന്ന് നവ ദേവലായ ഫണ്ട് സമർപ്പണവും നടന്നു.

ഭാരതീയ ദലിത് സാഹിത്യ അക്കാദമിയുടെ 2019-ലെ ഡോ. ബി. ആർ. അംബേദ്ക്കർ നാഷണൽ അവാർഡ് നേടിയ തോമസൺ പി. സി. പ. കാതോലിക്കാ ബാവാ അദരിക്കുന്നു. മങ്ങാട് പള്ളി ഇടവകാംഗമാണ്.

പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവായുടെ ചരമ നവതിയോട് അനുബന്ധിച്ചുള്ള തീർഥാടക സംഗമം യൂഹാനോൻ മാർ ദിയസ്കോറോസ് തിരുമേനി നിർവഹിച്ചു. അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ പരിശുദ്ധ ബാവായുടെ ചരമനവതി ഡോക്യുമെൻററി 'കാതോലിക്കേറ്റിന്റെ നിധി' പ്രകാശനംചെയ്തു. ദയറ മാനേജർ ഫാ. അലക്സാണ്ടർ പി. ദാനിയേൽ, സഭാ മാനേജിങ്ങ് കമ്മറ്റി അംഗങ്ങളായ ശ്രീ ജേക്കബ് കൊച്ചേരി, മോനിച്ചൻ തലക്കുളം കോട്ടയം ഭദ്രാസന വർക്കിംഗ് കമ്മറ്റി അംഗം എം എ ഏബ്രഹാം, ഡി. ജസ്വിൻ ചാക്കോ തുടങ്ങിയവർ സന്നിഹിതരായിരുന്നു. ഡോകുമെന്ററിയിൽ അഭിനയിച്ച എല്ലാവർക്കും പ്രസ്തുത ചടങ്ങിൽ ഉപഹാരങ്ങൾ നൽകി.

സി. കെ. കൊച്ചുകോശി നിര്യാതനായി

തിരുവനന്തപുരം: കെഎസ് ഇബി ചെയർമാനും റവന്യൂ ബോർഡ് ഒന്നാം മെംബറും ആയിരുന്ന കവടിയാർ ചെറുവട്ടോലിൽ സി.കെ.കൊച്ചുകോശി (97) ഗുജറാത്തിലെ ഗാന്ധിനഗറിൽ അന്തരിച്ചു. സംസ്കാരം ഡിസം. 17-ന് അഹമ്മദാബാദ് സെന്റ് ലാസറസ് ചാപ്പലിൽ ഡോ. ഗീവർഗീസ് മാർ യൂലിയോസിന്റെ പ്രധാന കാർമ്മികത്വത്തിൽ നടത്തി.

കോഴഞ്ചേരിക്കടുത്തു പുല്ലാട് സ്വദേശിയായ കൊച്ചുകോശി ഡൽഹിയിൽ സെൻട്രൽ വാട്ടർ കമ്മിഷനിൽ അസി. ഡയറക്ടറായും ഓൾ ഇന്ത്യ റേഡിയോയിൽ ടാക്സ് ഓഫിസറായും പ്രവർത്തിച്ചു. 1952 ൽ സിവിൽ സർവീസിലെത്തി. ഡവലപ്മെന്റ് കമ്മിഷണർ, ആഭ്യന്തര സെക്രട്ടറി, എക്സൈസ് കമ്മിഷണർ തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചു. ഇന്നത്തെ ചീഫ് സെക്രട്ടറിക്കു തുല്യമായ റവന്യൂ ബോർഡ് ഒന്നാം മെംബർ പദവിയിലെത്തിയ അദ്ദേഹം കെഎസ്ഇബി ചെയർമാൻ ആയിരിക്കെ 1979-ൽ വിരമിച്ചു.

പ്രഗല്ഭനായ ഉദ്യോഗസ്ഥൻ എന്നതിനൊപ്പം ഒട്ടേറെപ്പേരെ സിവിൽ സർവീസിന്റെ ഉന്നതങ്ങളിലേക്കു കയറ്റിവിട്ട ഗുരു കൂടിയായിരുന്നു കൊച്ചുകോശി. അദ്ദേഹത്തിന്റെ പരിശീലനത്തിൽ രണ്ടു മക്കൾ സിവിൽ സർവീസിലെത്തി ഉന്നത പദവിയിലാണു വിരമിച്ചത്. മക്കളെ പരിശീലിപ്പിച്ചതിന്റെ പ്രചോദനത്തിലാണു സിവിൽ സർവീസ് അക്കാദമിക്ക് അദ്ദേഹം രൂപം നൽകിയത്. കേരളത്തിലെ ഐഎഎസ് അസോസിയേഷന്റെ പ്രസിഡന്റ് ആയും പ്രവർത്തിച്ചു. 2014-ൽ മക്കൾക്കൊപ്പം ഗുജറാത്തിലേക്കു താമസം മാറ്റി.

ഭാര്യ: പരേതയായ ഗ്രെയ്സ്. മക്കൾ: സി.കെ.കോശി (മുൻ അഡീഷനൽ ചീഫ് സെക്രട്ടറി, ഗുജറാത്ത്), ലളിത മാത്യു (കുന്നംകുളം), പുഷ്പ തോമസ് മാത്യു (കാനഡ), സി. കെ. മാത്യു (മുൻ ചീഫ് സെക്രട്ടറി, രാജസ്ഥാൻ). മരുമക്കൾ: എലിസബത്ത് കോശി (ഡയറക്ടർ, ചൈതന്യ സ്കൂൾ, ഗുജറാത്ത്), കുന്നംകുളം പനയ്ക്കൽ രവി മാത്യു, പുതുപ്പള്ളി ഒറ്റപ്ലാക്കൽ തോമസ് മാത്യു (കാനഡ), ഗീത മാത്യു.

അപ്പീൽ ഹൈക്കോടതി തള്ളി

കൊച്ചി: തൃശ്ശൂർ ഭദ്രാസനത്തിൽപ്പെട്ട ചുവന്നമണ്ണ് പള്ളിയുടെവിധി നടത്തിപ്പുമായി ബന്ധപ്പെട്ട് തൃശൂർ മുൻസിഫ് കോടതിയിൽ നിന്ന് ലഭിച്ച പോലീസ് പ്രൊട്ടക്ഷൻ കേസിന് എതിരെ വിഘടിത വിഭാഗം കേരള ഹൈക്കോടതിയിൽ കൊടുത്ത അപ്പീൽ കോടതി തള്ളി.

Vadodara MGM School Annual Day

ചികിത്സാ സഹായം വിതരണം ചെയ്തു

പരുമല: പരിശുദ്ധ പരുമല തിരുമേനിയുടെ 117-ാം ഓർമപ്പെരുനാളിന്റെ ഭാഗമായുള്ള ചികിത്സാസഹായവിതരണം പരുമലയിൽ നടന്നു. പരുമല സെമിനാരി മാനേജർ ഫാ. എം. സി. കുര്യാക്കോസ് സഹായം വിതരണം ചെയ്തു. പരുമല സെമിനാരിക്ക് 5 കിലോമീറ്റർ ചുറ്റളവിൽ താമസിക്കുന്ന നിർധനരായ രോഗികൾക്കായി 7 ലക്ഷം രൂപയുടെ സഹായമാണ് വിതരണം ചെയ്തത്.

പുതുപ്പള്ളി പള്ളിയിൽ നടന്ന ഐനാംസ് അൻപ് സ്നേഹകൂട്ടായ്മയിൽ വച്ച 90 തികഞ്ഞ സഭാചരിത്രകാരൻ കെ. വി. മാമ്മനെ പ. കാതോലിക്കാ ബാവാ ആദരിച്ചപ്പോൾ.

കോതമംഗലം പള്ളിത്തർക്ക വിഷയത്തിൽ ബന്ധപ്പെട്ടവർ ഹൈക്കോടതി വിധി മാനിക്കണമെന്ന് ജില്ലാ കളക്ടർ

കോതമംഗലം പള്ളിത്തർക്ക വിഷയത്തിൽ ബന്ധപ്പെട്ടവർ ഹൈക്കോടതി വിധി മാനിക്കണമെന്ന് ജില്ലാ കളക്ടർ എസ്.സുഹാസ് ആവശ്യപ്പെട്ടു.

പള്ളി വിഷയത്തിൽ കോടതി ഉത്തരവ് പ്രകാരം തീരുമാനമെടുക്കാൻ ചേർന്ന പ്രത്യേക യോഗത്തിലാണ് ഇക്കാര്യം അറിയിച്ചത്. ജനവികാരം മനസ്സിലാക്കുന്നതായും കളക്ടർ പറഞ്ഞു. എ.ഡി.എം. കെ. ചന്ദ്രശേഖരൻ നായർ, ആലുവ എസ് പി. കെ. കാർത്തിക്, മൂവാറ്റുപുഴ ആർ.ഡി.ഒ. ആർ. രേണു, കോതമംഗലം തഹസിൽദാർ റേച്ചൽ, പള്ളി കമ്മറ്റി ഭാരവാഹികൾ, തദ്ദേശവാസികൾ തുടങ്ങിയവർ പങ്കെടുത്തു.

സെനറ്റ് ഓഫ് സെറാമ്പൂർ കോളജ് പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട ഡോ. സഖറിയാ മാർ അപ്രേമിനെ അഭിനന്ദിക്കുവാൻ സെമിനാരിയിൽ കൂടിയ സമ്മേളനത്തിൽ പ. കാതോലിക്കാ ബാവാ പ്രസംഗിക്കുന്നു.

റിസീവർ ഭരണം നീങ്ങി; മാമ്മലശ്ശേരി മാർ മിഖായേൽ പള്ളി മലങ്കര ഓർത്തഡോക്സ് സഭക്ക് സ്വന്തം

കൊച്ചി: മണലിൽ യാക്കോബ് അച്ചന്റെ മാതൃ ഇടവക മാമലശ്ശേരി മാർ മിഖായേൽ ഓർത്തഡോക്സ് സുറിയാനി പള്ളി മലങ്കരസഭയുടെ കരങ്ങളിൽ സുരക്ഷിതം. മാമലശ്ശേരി മാർ മിഖായേൽ ഓർത്തഡോക്സ് പള്ളിയിൽ സഭാതർക്കത്തെ തുടർന്ന് നീണ്ട 45 വർഷമായി തുടർന്നു വന്നിരുന്ന റിസീവർ ഭരണത്തിന് ജില്ലാ കോടതി ഉത്തരവ് മൂലം അവസാനം സംഭവിച്ചിരിക്കുന്നു. 1934-ലെ സഭാ ഭരണഘടന പ്രകാരമുള്ള മലങ്കര മെത്രാപ്പോലീത്തായാൽ നിയമിതനാകുന്ന കണ്ടനാട് ഭദ്രാസന മെത്രാപ്പോലിത്തയാൽ നിയമിക്കുന്ന വികാരിക്ക് അഡ്വക്കേറ്റ് റിസീവർ താക്കോൽ കൈമാറാൻ ഉത്തരവായി. മലങ്കര സഭയുടെ വൈദിക ട്രസ്റ്റി ആയിരുന്ന യാക്കോബ് അച്ചന്റെ മാതൃ ഇടവകയും മലങ്കരയുടെ പ്രഥമ കാതോലിക്കാ മുറിമറ്റത്തിൽ ബസേലിയോസ് പൗലോസ് പ്രഥമൻ ബാവായുടെ സുന്ത്രോണിസോ നിർവഹിക്കപ്പെട്ട ചരിത്രമുറങ്ങുന്ന മലങ്കരയുടെ പുണ്യപുരാതനമായ ദേവാലയവുമാണ് മാമലശ്ശേരി മാർ മിഖായേൽ ഓർത്തഡോക്സ് സുറിയാനി പള്ളി.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH
MY LORD AND MY GOD

വചനതീർത്ഥം

കുടുംബം എല്ലാത്തിന്റെയും ആരംഭം

(കർത്താവിന്റെ ജനനപ്പെരുനാളിന് മുമ്പുള്ള ഞായറാഴ്ച)

(വി. മത്തായി 1:1–17)

ഫാ. യോഹന്നാൻ കെ.
(സെന്റ് തോമസ് ഓർത്തഡോക്സ് സെമിനാരി, നാഗ്പ്പൂർ)

'വംശാവലി ഞായർ' എന്നാണ് ഇന്നത്തെ ഞായറാഴ്ച അറിയപ്പെടുന്നത്. ചരിത്രത്തിലെ യേശുക്രിസ്തുവിന്റെ സ്ഥാനം കുറിക്കുവാനായി സുവിശേഷകരായ വി. മത്തായിയും (മത്തായി 1:1–17) വി. ലൂക്കോസും (ലൂക്കോസ് 3) രണ്ട് വ്യത്യസ്ത രീതികളിൽ വംശാവലി ചിത്രീകരിച്ചിരിക്കുന്നു. തന്റെ സ്വപ്നങ്ങൾ പൂർത്തിയാക്കുവാൻ തലമുറകളോളം കാത്തിരിക്കുന്ന ദൈവത്തെ ഈ വേദഭാഗങ്ങളിൽ കൂടി നമുക്ക് കാണാം. ജീവിതത്തിൽ പ്രശസ്തിയും പ്രഭാവവും നിറച്ച വ്യക്തികൾ മുതൽ പല കാരണങ്ങളാൽ ഇടറിപ്പോയവർ വരെ ക്രിസ്തുവിന്റെ കുടുംബത്തിന്റെ ഭാഗമാകുന്നു. അങ്ങനെ എണ്ണിയാൽ തീരാത്ത വ്യക്തികളിലൂടെ ജീവിതത്തിന്റെ പ്രസാദങ്ങളിലേക്ക് ദൈവം നമ്മെ കൂട്ടിക്കൊണ്ടു പോകുന്നു എന്നുള്ളതാണ് ഇന്നത്തെ ഏവൻഗേലിയോനിൽ കൂടി നമുക്ക് ലഭിക്കുന്ന സദ്‌വാർത്ത.

1. എല്ലാം ആരംഭിക്കുന്നത് കുടുംബത്തിൽ നിന്നാണ്

വംശാവലി / വംശപാരമ്പര്യം എന്നത് ഒരുവന്റെ സാമ്പത്തികം, ജാതി/ഗോത്രം, രാഷ്ട്രീയം, കുടുംബം, ദേശം എന്നിങ്ങനെയുള്ള വിവിധ വംശങ്ങൾ വെളിവാക്കുന്ന ചരിത്ര വസ്തുതയാണ്. സൃഷ്ടിയുടെ ആരംഭത്തിൽത്തന്നെ ദൈവം 'കുടുംബത്തെ' രൂപീകരിക്കുന്നു. പാപത്തിൽ വീണുപോയ മനുഷ്യകുടുംബത്തെ രക്ഷിക്കുന്നതിനായി ദൈവം തന്നെ മനുഷ്യനായി ഒരു കുടുംബത്തിൽ പിറക്കുന്നു. അങ്ങനെ രക്ഷാദൗത്യം ആരംഭിക്കുന്നത് ഒരു കുടുംബത്തിൽ നിന്നാണ്. നിയമാനുസൃതമായി ഒരു പിതാവും, ജീവശാസ്ത്രപരമായി ഒരു മാതാവും ക്രിസ്തുവിനുണ്ടാകുന്നു. മറിയയുടെ മകന് 'യേശു' എന്ന് പേർ വിളിക്കുന്നതിലൂടെ യോസഫ് ക്രിസ്തുവിന്റെ (വളർത്തു) പിതാവായി മാറുകയാണ്. അങ്ങനെ ക്രിസ്തു മുപ്പത് വർഷക്കാലം ഒരു ചെറിയ കുടുംബത്തിന്റെ ഭാഗമായി നിലകൊണ്ടു.

സ്വന്തം കുടുംബ വൃക്ഷത്തെ അറിയാനും, പരിചയപ്പെടാനുമുള്ള ഒരവസരം കൂടിയാണ് ഇത്. നമ്മിൽ എത്രപേർക്ക് നമ്മുടെ മുതുമുത്തച്ഛന്മാരുടെ പേരുകൾ അറിയാം? അവരുടെയൊക്കെ കഷ്ടപ്പാടിന്റെയും കഠിനാധ്വാനത്തിന്റെയും ആകെത്തുകയാണ് നാം എന്നത് പലപ്പോഴും മനഃപ്പൂർവ്വമായിത്തന്നെ നാം മറക്കുന്നു. നമ്മുടെ പൂർവ്വീകർ നമ്മിൽകൂടി ജീവിക്കുകയാണ്. ദൈവം അവരിൽകൂടിയും (ഉൽപത്തി 28:13, 31:42, 53, പുറ. 3:6). അവരുടെ ദൈവമെന്ന് സ്വയം വിശേഷിപ്പിക്കാൻ ദൈവത്തിന് ലജ്ജയില്ല. ആ മാതൃകയാണ് നാം പിന്തുടരേണ്ടത്.

കൂട്ടുകുടുംബങ്ങളിൽ നിന്ന് അണുകുടുംബങ്ങളിലേക്കും, പിന്നെ living together-ലേക്കും മാറുന്ന ഇന്നത്തെ തലമുറയ്ക്ക് ഈ വംശവാലി അസ്വസ്ഥതയുളവാക്കുന്ന ഒന്നാണ്. ചെറിയ ചെറിയ കാരണങ്ങളാൽ തകർന്നു പോകുന്ന കുടുംബബന്ധങ്ങളെ വിളക്കിച്ചേർക്കുവാൻ ഈ വംശാവലിയുടെ ധ്യാനം നമ്മോട് ആഹ്വാനം ചെയ്യുന്നു. വൃദ്ധസദനങ്ങൾ കൂണുപോലെ മുളച്ചു വരുന്ന ഇക്കാലത്ത്, നമ്മുടെ മാതാപിതാക്കളെ നമ്മോട് ചേർത്തു പിടിക്കുവാനും അവരെ സംരക്ഷിക്കുവാനും നമുക്ക് കഴിയണം. അങ്ങനെ നമ്മുടെ ബന്ധങ്ങളെ കുറേക്കൂടി ആഴപ്പെടുത്താൻ നമുക്ക് കുടുംബത്തിൽ നിന്നു തന്നെ ആരംഭിക്കാം.

2. വിശ്വസ്തതയും നന്മയും ഉള്ളവർ കുടുംബത്തിന്റെ ഭാഗമാകുന്നു

ആദ്യ നൂറ്റാണ്ടിന്റെ അവസാനകാലത്തുണ്ടായ ഒരു വേദവിപരീതമായിരുന്നു 'ഡൊസെറ്റിസം' എന്നത്. ക്രിസ്തുവിന്റെ സത്താപരമായ മനുഷ്യത്വത്തെ ചോദ്യം ചെയ്യുന്ന പഠിപ്പിക്കലായിരുന്നു അത്. വി. മത്തായിയുടെ ഈ വംശാവലി വിവരണം ആ വേദവിപരീതത്തിനെതിരെയുള്ള ശക്തമായ ഒരുത്തരം ആയിരുന്നു. അതു മാത്രമല്ല അതുവരെയുള്ള യഹൂദ പാരമ്പര്യത്തിൽ നിന്ന് അല്പം വേറിട്ടുള്ള ഒരു വിവരണവും ഒരേ വംശത്തിലുള്ളവർ ചേർന്ന് മാത്രമാണ് കുടുംബത്തെ നിശ്ചയിക്കുന്നത് എന്നുള്ള ധാരണ ഇവിടെ തിരുത്തപ്പെടുകയാണ്. മഹത്വമുള്ളവരും (അബ്രഹാം, ദാവീദ്, യോസഫ്, etc) സാധാരണക്കാരും (എലിയാക്കീം, അസ്സോർ, മത്ഥാൻ, etc) ഇടറിപ്പോയവരും (യാക്കോബ്, മനശ്ശെ, റാഹാബ്, etc) സ്ത്രീകളും (താമാർ, രൂത്ത്, മറിയ, etc) എല്ലാം ക്രിസ്തുവിന്റെ വംശാവലിയിൽ ഉൾപ്പെടുന്നു. അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ വംശാവലി എന്ന ആമുഖത്തോടെയാണ് വി. മത്തായി തന്റെ സുവിശേഷം ആരംഭിക്കുന്നത്. ഇസ്രായേലിന്റെ ചരിത്രം ആരംഭിക്കുന്നത് അബ്രഹാമിൽ കൂടിയാണ്. ഇസ്രായേലിന്റെ ഏറ്റവും മഹാനായ രാജാവെന്നുള്ള വിശേഷണം ദാവീദിനാണ്. അങ്ങനെ, ദൈവം തെരഞ്ഞെടുത്ത ഒരു ജനതയുടെ ആദ്യ പിതാവിൽ തുടങ്ങി, രാജാവിന്റെ മകനെന്നുള്ള വിശേഷണത്തിൽകൂടി, വളർത്തു പിതാവായ യോസഫിൽ കുടുംബ വിവരണം അവസാനിക്കുകയാണ്. അതിനുള്ളിൽ ഒരേ വംശത്തിലുള്ളവർ മത്രമല്ല, മറ്റു പലരും ഭാഗമാകുന്നു. ജ്യേഷ്ഠാവകാശം കബളിപ്പിച്ചെടുത്ത യാക്കോബ്, വേശ്യാവൃത്തി ചെയ്ത രാഹാബ്, അന്യന്റെ ഭാര്യയെ സ്വന്തമാക്കാനായി അവനെ കൊലയ്ക്ക് കൊടുത്ത ദാവീദ്, യിസ്രായേലിലെ ഏറ്റവും ക്രൂരനായ ഭരണാധികാരി എന്ന് വിശേഷിപ്പിക്കപ്പെട്ട മനശ്ശെ, അന്യജാതിക്കാരിയായ രൂത്ത് അങ്ങനെ പലരും ക്രിസ്തുവിന്റെ വംശാവലിയുടെ ഭാഗമാകുന്നു. കാരണം, തങ്ങളുടെ ജീവിതത്തിൽ പിന്നീട് വിശ്വസ്തതയും നന്മയും മൂലധനമാക്കി അവർ പ്രവർത്തിക്കുന്നു. ദൈവത്തിന്റെ കരങ്ങളിൽ അവർ സ്വയം സമർപ്പിക്കുന്നു. അങ്ങനെയുള്ളവരെ ദൈവം കൈവിടില്ലെന്ന വലിയ ഒരു പ്രത്യാശയാണ് ഈ വംശാവലിയിൽ കൂടി നമുക്ക് ലഭിക്കുന്നത്.

മശിഹാ, ഇസ്രായേലിന്റെ മാത്രം രക്ഷകനല്ല. ഈ ലോകത്തിന്റെ മുഴുവൻ രക്ഷകനായാണ് ജാതം ചെയ്തത് എന്ന് വി. മത്തായി എടുത്തു പറയുന്നു (1:21). വംശവലിയിൽ കൂടി നാം അത് മനസ്സിലാക്കുകയാണ്. അതിനാൽതന്നെ, ഒരു കുടുംബവും യാദൃശ്ചികമല്ല, പിന്നെയോ ദൈവമാണ് അത് യോജിപ്പിക്കുന്നത് എന്നുള്ള ഉത്തമ ബോദ്ധ്യത്തിൽ വിശ്വസ്തതയോടും നന്മയോടും കൂടി ജീവിക്കുവാൻ നമുക്ക് സാധിക്കണം. എന്നാൽ മാത്രമേ സമത്വസുന്ദരമായ ഈ ലോകം നമുക്ക് കെട്ടിപ്പടുക്കാൻ സാധിക്കുകയുള്ളൂ. പഴമവായനയിൽ കൂടി യെശയ്യാ പ്രവാകൻ പറയുന്നത് ആ ലോകത്തെപ്പറ്റിയാണ് (യെശ. 7:14–15, 11:1–9).

അബ്രഹാം മുതൽ ദാവീദ് വരെ ഇസ്രായേലിന്റെ പ്രതാപകാലമായിട്ടാണ് വിശേഷിപ്പിക്കുന്നത്. ദാവീദ് മുതൽ ബാബേൽ പ്രവാസകാലം വരെ ക്ഷയത്തിന്റെ കാലങ്ങളും. എന്നാൽ ബാബേൽ പ്രവാസം മുതൽ ക്രിസ്തു വരെ, വീണ്ടും അഭിവൃദ്ധിയുടെ കാലമായിട്ടാണ് ഗണിക്കുന്നത്. ക്രിസ്തുവിന്റെ രണ്ടാം വരവിങ്കൽ തന്റെ രാജ്യം സ്ഥാപിച്ചുകൊണ്ട് എന്നേക്കും രാജാവായി ക്രിസ്തു വാഴും എന്നുള്ള പ്രത്യാശ ഈ വംശാവലിയിൽകൂടി നാം മനസ്സിലാക്കേണ്ടതുണ്ട്. എല്ലാവരേയും ചേർത്തുകൊള്ളുന്ന ആ ദൈവസ്നേഹത്തിന്റെ തണലിൽ വസിച്ചുകൊണ്ട് നമുക്ക് ദൈവം തന്ന നമ്മുടെ കുടുംബങ്ങളെ കൂടുതൽ ആഴത്തിൽ അറിയാനും, സ്നേഹിക്കാനും നമുക്കിടയാകട്ടെ. ❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
മദ്രാസ് ഭദ്രാസനം



പ്രതിഷേധ സമ്മേളനം ചെന്നൈയിലും

മദ്രാസ്: മലങ്കരസഭയ്ക്ക് 2017 ജൂലൈ 3-ന് ബഹുമാനപ്പെട്ട സുപ്രീം കോടതിയും അതിനുശേഷം നിരന്തരം വിവിധ കോടതികളും അനുവദിച്ചു നൽകിയ അർഹമായ നീതി കേരള സർക്കാർ നിഷേധിക്കുന്നതിനെതിരെ മദ്രാസ് ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 22 ഞായറാഴ്ച പ്രതിഷേധ സമ്മേളനം നടത്തപ്പെടുന്നു. കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നുയരുന്ന പ്രതിഷേധത്തിന്റെ അലയൊലി പരിശുദ്ധ മാർത്തോമാ ശ്ലീഹായുടെ ചുടുനിണത്താൽ പരിപാവനമായ ചെന്നൈ പട്ടണത്തിലും ഉയരുകയാണ്. പരിശുദ്ധ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിൻറെ പുണ്യസ്മരണയിൽ ഡിസംബർ 22 ഞായറാഴ്ച ചെന്നൈ ബ്രോഡ്‌വേ സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ അങ്കണത്തിൽ മലങ്കര നസ്രാണികൾ സംഗമിക്കും. പ. എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറിയും, ഭദ്രാസന മെത്രാപ്പോലീത്തായുമായ അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മുഖ്യസന്ദേശം നൽകും. പ. സഭയോടും, സഭയുടെ സ്വാതന്ത്ര്യത്തിന്റെ പ്രതീകമായ കാതോലിക്കാ സിംഹാസനത്തോടുമുള്ള ഭക്തിയും കൂറും ആവർത്തിച്ച് ഉറപ്പിച്ച് പ്രഖ്യാപിച്ചുകൊണ്ട് സഭാമക്കൾ പ്രതിജ്ഞ എടുക്കും.

ഫാ. ജോൺസ് ഈപ്പൻ മാവേലിക്കര ഭദ്രാസന സെക്രട്ടറി

മാവേലിക്കര: ഓർത്തഡോക്സ് സഭ മാവേലിക്കര ഭദ്രാസന സെക്രട്ടറിയായി ഫാ.ജോൺസ് ഈപ്പൻ തിരഞ്ഞെടുക്കപ്പെട്ടു. ഭദ്രാസന കൗൺസിൽ തിരഞ്ഞെടുപ്പിൽ ഭദ്രാസന സെക്രട്ടറിയായി ഫാ.ജോൺസ് ഈപ്പൻ, വൈദിക പ്രതിനിധികളായി ഫാ. കെ. പി. വർഗീസ്, ഫാ. പി. ഡി. സ്കറിയ, അൽമായ പ്രതിനിധികളായി ബിനു സാമുവേൽ, ടി. കെ. മത്തായി വഴുവാടി, ജോൺസൻ കണ്ണനാംകുഴി, തങ്കച്ചൻ കൊല്ലമല എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ പെരുന്നാളിൽ നിരണം പള്ളിയിൽ നിന്ന് ധ്യാനിക്കുന്നത് ഏറ്റവും അനുഗ്രഹം: യാക്കോബ് മാർ ഏലിയാസ്

നിരണം: നിരണം പള്ളിയിൽ വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ പെരുന്നാളിനോട് അനുബദ്ധിച്ച് നിരണം ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ നടന്ന സെന്റ് തോമസ് സുവിശേഷസംഘം അനുഗ്രഹം പ്രാർത്ഥനാസംഗമ ധ്യാനത്തിന് ബ്രഹ്മവാർ ഭദ്രാസനാധിപൻ അഭി.യാക്കോബ് മാർ ഏലിയാസ് മെത്രാപ്പോലീത്ത സന്ദേശം നൽകി. വി. മാർത്തോമ്മ ശ്ലീഹാ കുന്തം കൊണ്ട് കുത്തേറ്റതിൻറെ ഓർമ്മയെ സ്മരിക്കുന്ന ദിനത്തിൽ ഈ പരിശുദ്ധ ദൈവാലയത്തിൽ ധ്വാനം നയിക്കാൻ കഴിഞ്ഞത് ഏറ്റവും അനുഗ്രഹവും വി. മാർത്തമ്മാ ശ്ലീഹാ കാട്ടിയ മാതൃക നമ്മൾ ജീവിതത്തിൽ കൊണ്ടവരുന്നവരും വിശുദ്ധ ജീവിതം നയിക്കുന്നവരുമായിത്തീരണമെന്ന് യാക്കോബ് മാർ ഏലിയാസ് ഓർമ്മിപ്പിച്ചു. നിരണം പള്ളി വികാരി ഫാ. വർഗീസ് മാത്യു, സഹ വികാരി ഫാ. അനു ജോർജ്, ട്രസ്റ്റി എം.വി.ഏബ്രഹാം, സെക്രട്ടറി കെ. ബി. മാത്യു, ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. കെ. സി. സ്കറിയ, ട്രഷറർ ജയ് ബോയ് അലക്സ് എന്നിവർ നേതൃത്വം നൽകി.

ഓർത്തഡോക്സ് തിയോളോജിക്കൽ ഫോറം കണ്ടനാട് ഈസ്റ്റ് ഭദ്രാസനം. സഭാ വിജ്ഞാനീയം സുവിശേഷത്തിലും വി. പൗലോസിന്റെ ചിന്തയിലും എന്ന വിഷയത്തിൽ ക്ലാസുകൾ നയിച്ച KUTC സെമിനാരി പ്രിൻസിപ്പൽ Fr. Dr. David Joy അച്ചനോടും ഡോ. തോമസ് മാർ അത്താനാസിയോസ് തിരുമേനിയോടും ഒപ്പം ക്ലാസ്സിൽ പങ്കെടുത്തവർ.

മുളന്തുരുത്തി മാർത്തോമൻ ഓർത്തഡോക്സ് പള്ളിയിൽ ജൂബിലി പെരുന്നാളിന് യൂഹാനോൻ മാർ പോളിക്കാർപ്പോസ് കൊടിയേറ്റ് കർമ്മം നിർവഹിച്ചു. ഫാ. ജിയോ ജോർജ്ജ്, ഫാ. ഡേവിഡ് തങ്കച്ചൻ, ഫാ. വിജു ഏലിയാസ്, ഫാ. മാത്യൂസ് കാഞ്ഞിരംപാറ, ഫാ. അലക്സ് പി ജോർജ്ജ്, ഫാ. സ്റ്റാലിൻ അലക്സ് എന്നിവർ സന്നിഹിതരായിരുന്നു.

പ. കാതോലിക്കാ ബാവായ്ക്ക് ഡൽഹിയിൽ ഊഷ്മള വരവേൽപ്പ്

ന്യൂഡൽഹി: ഗാസിയാബാദ് സെന്റ് തോമസ് ഓർത്തഡോക്സ് ദേവാലയത്തിന്റെ പെരുന്നാൾ ആഘോഷങ്ങൾക്ക് പ്രധാന കാർമികത്വം വഹിക്കുവാൻ ഡൽഹിയിൽ എത്തിച്ചേർന്ന പ. കാതോലിക്കാ ബാവായ്ക്ക് വിമാനത്താവളത്തിൽ വന്ദ്യ വൈദികശ്രേഷ്ഠരും മാനേജിംഗ് കമ്മറ്റി അംഗങ്ങളും ഇടവക ഭരണസമിതി അംഗങ്ങളും വിശ്വാസസമൂഹവും ചേർന്ന് ഊഷ്മളമായ വരവേൽപ്പ് നൽകി.

മെഴുവേലി ഹോളി ഇന്നസെൻറ് ഓർത്തഡോക്സ് ദേവാലയത്തിന്റെ പെരുന്നാളിനോടനുബന്ധിച്ച് നടന്ന ചെങ്ങന്നൂർ ഭദ്രാസന സുവിശേഷ സംഘത്തിന്റെ ധ്യാനം.

ആശുപത്രിയിൽ കഴിയുന്ന ഞാറക്കാട് സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗങ്ങളെ ഡോ. ഗീവർഗീസ് മാർ യൂലിയോസ് സന്ദർശിച്ച് പ്രാർത്ഥിച്ച് ആശ്വസിപ്പിച്ചു.

നിലയ്ക്കൽ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന മർത്തോമ്മൻ സ്മൃതി യാത്ര

ഓടക്കാലി ഓർത്തഡോക്സ് പള്ളി അധികൃതരുടെ നേതൃത്വത്തിൽ നടത്തിയ വിശദീകരണ യോഗം

പുതുപ്പള്ളി പള്ളിയുടെ നവീകരിച്ച ത്രോണോസ്.

News, Advertisements, Wishes Etc...
Contact 8078914931
9446407503
Email:malankaranewsbulletin@gmail.com
Add Size:15 cm x 10 cm Half Page Jpeg / tif file